# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2931** **20.12.2012 ൽ മറുപടിക്ക്**

**<u>സി.ബി.എസ്.ഇ/അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കുള്ള പരിരക്ഷ.</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വി. ശ്രേയാംസ്കുമാർ** | | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സി.ബി.എസ്.ഇ / അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് 14.9.2012 ൽ പുറപ്പെടുവിച്ച വിധിയിലാണ് ഇത് സംബന്ധിച്ച പരാമർശമുള്ളത്. G.O.(M.S) 202/11/G.Edn. dated 07.10.2011 സർക്കാർ ഉത്തരവിലെ Clause (iv), (vi), (viii),(xiv) എന്നിവ സംബന്ധിച്ചാണ് പ്രസ്തുത വിധി. ഇതിൽ Clause (viii) അദ്ധ്യാപകരുടെയും മറ്റ് സ്റ്റാഫുകളുടെയും സേവന വേതന വ്യവസ്ഥകളെപ്പറ്റിയുള്ളതാണ്. |
| (ബി) | എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ | (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. തീയതി 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും ശമ്പളം (Clause (viii)) സംബന്ധിച്ച കോടതിവിധി അംഗീകരിക്കുവാൻ തീരുമാനിച്ചു. കൂടാതെ Clause (iv), (vi), (xiv) എന്നിവയിന്മേൽ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാനും തീരുമാനിച്ചു. |
| (സി) | സംസ്ഥാനത്ത് സി.ബി.എസ്.ഇ/ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പൂർണ്ണ സർവ്വീസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടിൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | മേൽപറഞ്ഞ സർക്കാർ ഉത്തരവുകളിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഇത് ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ